# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 927 30.6.2011- ൽ മറുപടിക്ക്

### കണ്ണൂർ ജില്ലയിലെ മണക്കായി കടവിലെ പാലം നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കെ. നാരായണൻ : | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ മണക്കായി കടവിൽ പാലം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് ; | (എ) | പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി ഗവൺമെന്റ് ഉത്തരവ് നമ്പർ 1044/2009/PWD തീയതി 14.7.2009 പ്രകാരം സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി 523 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പാലം നിർമ്മാണത്തിനുള്ള ടി. എസ്. എത്ര ദിവസം കൊണ്ട് നൽകുമെന്ന് വെളിപ്പെടുത്താമോ ; | (ബി) | സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി (ടി. എസ്) നൽകുന്നതാണ്. |
| (സി) | പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ? | (സി) | സാങ്കേതികാനുമതി നല്കൽ, ടെണ്ടർ ക്ഷണിക്കൽ എന്നീ നടപടി ക്രമങ്ങൾ പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

Sabitha

സെക്ഷൻ ഓഫീസർ